മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 196

നമ്മുടെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളിലുള്ള പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. സഭകൾ ചേർന്ന് എല്ലാ വർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാ ദിനമായി ആചരിച്ചുവരികയാണല്ലോ. ഈ വർഷത്തെ ഐക്യ ഞായർ നവംബർ മാസം 08-ാം തീയതി ആണ്. ''സഭയുടെ പുതുക്കം'' (Renewal of the Church) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

''മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ'' (റോമർ 12:2) എന്ന വചനത്തിലൂടെ ദൈവം നമ്മെ പുതുക്കത്തിന്റെ അനുഭവത്തിലേക്ക് ക്ഷണിക്കുന്നു. സഭയുടെ യഥാർത്ഥ പുതുക്കം ബാഹ്യമായ മാറ്റങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല; മറിച്ച് ദൈവവചനത്തിലേക്കുള്ള മടങ്ങിവരവിലൂടെയും പ്രാർത്ഥനാജീവിതത്തിന്റെ ആഴത്തിലൂടെയും വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും വളരുന്നതിലൂടെയുമാണ് സാധ്യമാകുന്നത്. ഓരോ വിശ്വാസിയുടെയും ആത്മീയ പുതുക്കത്തിലൂടെ കുടുംബങ്ങളും ഇടവകകളും സഭയുടെ വിവിധ ശുശ്രൂഷകളും നവീകരിക്കപ്പെടണം.

സഭയുടെ പുതുക്കത്തിൽ ഐക്യത്തിനും കൂട്ടായ സാക്ഷ്യത്തിനും സവിശേഷമായ സ്ഥാനമുണ്ട്. മലങ്കര മാർത്തോമ്മാ സുറിയാനി സഭ, സി.എസ്.ഐ., സി.എൻ.ഐ. എന്നീ സഭകൾ ഒരുമിച്ച് പങ്കാളികളാകുന്ന കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (CCI) യുടെ കൂട്ടായ്മയും ശുശ്രൂഷയും ഈ ഐക്യത്തിന്റെ പ്രധാന സാക്ഷ്യമാണ്. പരസ്പര സഹകരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും സുവിശേഷ സാക്ഷ്യത്തിലൂടെയും സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമായി നിർവഹിക്കുവാൻ ഈ കൂട്ടായ്മ നമ്മെ സഹായിക്കുന്നു. സഭകൾ തമ്മിലുള്ള ഐക്യവും സഹകരണവും കൂടുതൽ പ്രാവർത്തികമാക്കി ലോകത്തിന് പ്രത്യാശയുടെ അടയാളമായി മാറുവാൻ നമുക്ക് കഴിയണം.

ഈ വർഷത്തെ ഐക്യ ഞായറാഴ്ചയോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക ആരാധനയും പ്രാർത്ഥനയും ക്രമീകരിക്കേണ്ടതാണ്. സഭയുടെ ആത്മീയ പുതുക്കത്തിനും ഐക്യത്തിനും ശുശ്രൂഷകളുടെ വളർച്ചയ്ക്കും വേണ്ടി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. എല്ലാ തലമുറകളുടെയും പങ്കാളിത്തത്തോടെ സഭയുടെ ദൗത്യത്തിലും സാക്ഷ്യത്തിലും മുന്നേറാം. പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെട്ട്, ക്രിസ്തുവിൽ ഒന്നായി നിലകൊണ്ട്, ലോകത്തിൽ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന സഭയായി വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 ഒക്ടോബർ മാസം 13-ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ

കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (CCI)
സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ ഐക്യ ഞായർ (നവംബർ 8, 2026)

ആരാധന ക്രമം

(മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

ആരാധനാഹ്വാനം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ഒന്നായിരിക്കുന്നതുപോലെ നമ്മൾ ഒരേ അപ്പത്തിന്റെ പങ്കുകാരും, ഒരേ പാനപാത്രത്തിന്റെ അംശികളും ആകുന്നു. തിരുസഭയിലൂടെയും, ക്രിസ്തുവിനാലും നാം ഒരേ ആത്മാവിന്റെ മക്കളാകുന്നു. വരിക, ഈ ആരാധനയിലൂടെ ഐക്യത്തിന്റെ ആത്മീയതയിലേക്ക്, ദൈവീക സംസർഗ്ഗത്തിന്റെ പൂർണ്ണതയിലേക്ക്, വേർതിരിവുകളും ഭിന്നതകളും മറന്ന് നമുക്ക് ദൈവകൃപയുടെ പങ്കുകാരാകാം.

ഗാനം
കൗമാ
പ്രാരംഭപ്രാർത്ഥന

സർവ്വത്തിന്റെയും പൊരുളും, പൂർണ്ണതയും, എല്ലാറ്റിന്റെയും സാരവും, സാദ്ധ്യതയുമായ സ്രഷ്ടാവായ ദൈവമേ, നിന്റെ സൃഷ്ടിപ്രക്രിയയുടെ പൂർണ്ണതയിൽ ഞങ്ങൾ ആനന്ദിക്കുകയും, അതിന്റെ മികവിനു മുമ്പിൽ തലകുനിക്കുകയും ചെയ്യുന്നു. നീ എല്ലാറ്റിന്റെയും ഉടയവനാകുന്നു. നിന്റെ ദിവ്യവിചാരണയ്ക്കു മുമ്പിൽ ഞങ്ങൾ ഏതുമില്ല എന്ന് ഏറ്റു പറയുന്നു.

പാപം മൂലം പ്രപഞ്ചത്തിന്റ നഷ്ടപ്പെട്ട ചൈതന്യം പുന:സ്ഥാപിക്കാൻ, ദൈവവുമായുള്ള സമത്വം മുറുകെപ്പിടിക്കാതെ, ദാസ്യരൂപത്തിന്റെ മഹത്വം ചമച്ച്, കുരിശിലെ ബലിയാൽ ഞങ്ങളെ വീണ്ടെടുത്ത നിന്റെ കാരുണ്യത്തിനുമുമ്പിൽ ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കുന്നു. കാരുണ്യവാനായ ദൈവമേ, ക്രൂശിലെ മരണത്താൽ എല്ലാ വിഭജനങ്ങൾക്കും നീ അറുതിവരുത്തുകയും, വേർപാടിന്റെ നടുച്ചുവരുകളെ ഇടിച്ചുകളയുകയും ചെയ്തതിനാൽ ഞങ്ങളിലെ എല്ലാ വേർതിരിവുകൾക്കും, വിഭാഗീയ ചിന്തകൾക്കും അറുതിവരുത്തേണമേ.

ത്രീയേകദൈവമേ, പിതാവും പുത്രനും പരിശുദ്ധറൂഹായും ഒന്നായിരിക്കുന്നതുപോലെ തിരുസഭയുടെ ഐക്യത്തെയും അവിടുന്ന് ഉറപ്പിക്കേണമേ. ഞങ്ങളെ എല്ലാവരെയും പരിശുദ്ധാത്മപൂർണ്ണരാക്കേണമെന്നും ഞങ്ങൾ തിരുനാമത്തിന്റെ പുകഴ്ചയ്ക്കും മഹത്വത്തിനും ഉതകുന്ന ജീവിതം നയിപ്പാൻ കൃപ നല്കേണമെന്നും പ്രാർത്ഥിക്കുന്നു. ആമേൻ.

അനുതാപപ്രാർത്ഥന

('ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ' എന്ന് പ്രതിവാക്യമായി പറയണം.)

ലീഡർ: ഈ പ്രപഞ്ചത്തിൽ ജീവിക്കുവാൻ എല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ടായിരിക്കെ, ഞങ്ങളുടെ സുഖത്തിനും നേട്ടത്തിനുമായി അവയെ ചൂഷണം ചെയ്തതും, ജീവിക്കാനുള്ള അവയുടെ അവകാശത്തെ നിഷേധിച്ചതും, പ്രകൃതി വിഭവങ്ങളെ സ്വന്തമാക്കി വയ്ക്കാൻ ശ്രമിച്ചതും തന്മൂലം ദൈവത്തിന്റെ ആലോചനയ്ക്കും, ആഗ്രഹത്തിനും ഭംഗംവരുത്തിയതും .....

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ: ക്രിസ്തുവിന്റെ തിരുശരീരമായ തിരുസഭയിൽ ഞങ്ങൾ അംഗങ്ങളെങ്കിലും, വിഭാഗീയ ചിന്തകളാലും വിദ്വേഷ മനോഭാവത്താലും, വൈരാഗ്യബുദ്ധിയാലും തിരുശരീരത്തെ മുറിവേല്പിച്ചതും തിരുസഭയിലെ ദൈവനിയോഗത്തെ ഞങ്ങൾ മറക്കുകയും ചെയ്തത്.....

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ ദൈവരാജ്യത്തിന്റെ നീതിയും, ധർമ്മവും, ഈ ലോകത്തിലേക്ക് പകർത്തുവാൻ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ടായിരിക്കെ, ഞങ്ങളുടെ ജീവിത ഇടങ്ങളിൽ നീതിയും ധർമ്മവും മറന്ന് ദൈവത്തെ ദുഖിപ്പിച്ചതും, അതുവഴി മനുഷ്യസമൂഹത്തിന്റെ നൊമ്പരത്തെ അവഗണിച്ചതും.....

പ്രതി: ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ

സ്തോത്രപ്രാർത്ഥന

(പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.)

ലീഡർ: സഭ എന്ന ശരീരത്തിന്റെ തലയാകുന്ന ക്രിസ്തുവിന്റെ നാമത്തിലും, ക്രിസ്തുവിലും ഞങ്ങൾ ഒന്നായിത്തീരുന്ന ഐക്യത്തിന്റെ അനുഭവങ്ങളെ നല്കിയതിനാൽ ദൈവമേ .....
പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: വിശുദ്ധ സ്നാപനത്തിലൂടെയും, വിശുദ്ധ കുർബ്ബാനയാകുന്ന മഹാത്യാഗത്തിലൂടെയും, ക്രിസ്തുവിലുള്ള ഐക്യത്തിന്റെ പങ്കുകാരാകുവാൻ സഭകളെ ഒരുക്കുന്നതിനായി ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ദൈവരാജ്യ ശുശ്രൂഷകൾക്കായി സഭകൾക്ക് വ്യത്യസ്തതയും, വൈവിധ്യങ്ങളിൽക്കൂടി ദർശനങ്ങളുടെ ചാരുതയും പകർന്നതിനായി ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സുവിശേഷീകരണത്തിനും, സാക്ഷ്യത്തിന്റെ ആവിഷ്ക്കാരങ്ങൾക്കുമായി ദേശീയ പ്രാദേശിക തലങ്ങളിൽ സഭകൾക്ക് ഐക്യത്തിന്റെ കൂട്ടായ്മകളും, വേദികളും ഒരുക്കുന്നതിനായി ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ഭാരതത്തിലെ ക്രൈസ്തവസഭകൾക്കായും പ്രത്യേകിച്ച് സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകൾക്കായും അവയുടെ പാരമ്പര്യം, സുവിശേഷദർശനം, ദൗത്യ സംരംഭങ്ങൾ എന്നിവകൾക്കായും ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സഭാ ഐക്യത്തിന്റെ ആവിഷ്ക്കാരമായി, ഭാരതത്തിൽ ദൈവരാജ്യ ദർശനങ്ങൾക്ക് ഊർജ്ജം പകരുന്ന കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യക്കായും എല്ലാ സഭൈക്യ പ്രവർത്തനങ്ങൾക്കായും ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥന

(പ്രതിവാക്യം : 'ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു')

1. അക്രമവും, അനീതിയും, അഴിമതിയും നിറഞ്ഞ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങളെ ഞങ്ങൾ ഓർക്കുന്നു. പ്രത്യേകിച്ച് സംഘർഷങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾക്കായും, അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾക്കായും ദൈവമേ .....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

2. യുദ്ധഭീഷണി നേരിടുന്ന രാഷ്ട്രങ്ങൾക്കും സ്ഥലങ്ങൾക്കുമായും അവിടുത്തെ സമാധാനത്തിനായും പട്ടിണി, പ്രകൃതിക്ഷോഭം സാമ്പത്തിക അരക്ഷിതാവസ്ഥ എന്നിവകൊണ്ട് ജീവിതം വഴിമുട്ടി നില്ക്കുന്ന ജനവിഭാഗങ്ങൾക്കായും ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

3. ഭൂമി നഷ്ടപ്പെട്ട ജനവിഭാഗങ്ങൾ, അനാഥർ, കടക്കെണിയിൽ പെട്ടുപോയവർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, ജപ്തിമൂലം കിടപ്പാടം നഷ്ടപ്പെട്ടവർ എന്നിവർക്കായി ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

4. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യസംരംഭമായ സി.സി.ഐയുടെ എല്ലപ്രവർത്തനങ്ങളേയും ഞങ്ങൾ ഓർക്കുന്നു. നേതൃത്വം നല്കുന്ന പ്രിസൈഡിംഗ് ബിഷപ്പ്, പ്രിസീഡിയത്തിലെ അംഗങ്ങൾ എന്നിവർക്കായും, എക്സിക്യൂട്ടീവ് സെക്രട്ടറി, ട്രഷറർ, കമ്മറ്റി അംഗങ്ങൾ, അംഗസഭകളുടെ ചുമതലക്കാർ എന്നിവർക്കായും അവരിലൂടെ നിർവ്വഹിക്കപ്പെടുന്ന എല്ലാ ശുശ്രൂഷകൾക്കായും ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

സമർപ്പണപ്രാർത്ഥന

ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൈവമേ, ത്രീയേക ദൈവം ഒന്നായിരിക്കും പോലെ ഞങ്ങളെ നിന്റെ ഐക്യത്താൻ പരിപൂർണ്ണതപ്പെടുത്തേണമേ. ഞങ്ങളെ നിന്റെ നിയോഗങ്ങൾക്കും, ഹിതത്തിനുമായി സമർപ്പിക്കുന്നു. ഞങ്ങളിലെന്നും നിന്റെ ആലോചനയും, താല്പര്യവും വ്യാപരിപ്പിക്കേണമേ. തിരുഹിതമല്ലാതെ മറ്റൊരു ഹിതവും ഞങ്ങളെ ഭരിക്കരുതേ. യേശുവിൻമൂലം ഞങ്ങളപേക്ഷിക്കുന്നു. ആമേൻ.

COMMUNION OF CHURCHES IN INDIA (CCI)
CSI, CNI, MAR THOMA UNITY SUNDAY (NOVEMBER 8, 2026)

LITURGY

CALL TO WORSHIP

As God the Father, the Son, and the Holy Spirit are one, we are partakers of the one bread and the one cup. We are children of the same Spirit through the Church and in Christ. Come! Through this worship, let us become partakers of the spirituality of unity and grow to the fullness of communion by forgetting the divisiveness and differences to share in God's grace.

HYMN

KAUMA

OPENING PRAYER

O God, our Creator, the meaning and perfection of all and the essence and prospect of everything, we rejoice in the excellence of your creative process and bow before its majesty. You are the author of everything.We admit that we are nothing before your divine providence.

We open our hearts to your mercy to regain the lost glory of the universe which was lost due to sin through the sacrifice on the Cross, who without clinging equality with God, formed the glory of servanthood. Merciful God, you put an end to all divisions and sectarian thinking in us, by your death on the cross by breaking down the dividing wall.

O Triune God, just as the Father, the Son and the Holy Spirit are one, establish the unity of the Holy Church. May we all be filled with the Holy Spirit and may we be given the grace to live a life worthy of the praise and glory of your Holy Name. Amen.

REPENTANCE

(Response: O God, forgive us)

Leader: While all living beings have the right to live in this universe, we have exploited them for our pleasure and our advantages, denying them their right to life, trying to appropriate resources and thereby disrupting God's plan and will.

Response: O God, forgive us

Leader: Although we are members of the Church, the body of Christ, we have wounded the Holy Body through our divisive thinking, hatred and enmity and forgot the divine vocation in the Holy Church.

Response: O God, forgive us

Leader: When we are given the responsibility to spread the justice and righteousness of the Kingdom of God in the world, we have forgotten justice and righteousness in our living spaces and thus offended God and thereby ignored the pain of humanity.

Response: O God, forgive us.

PRAYER OF THANKS GIVING

(Response: We thank you, O Lord)

Leader: Lord, we thank you for giving us the experiences of unity in the name of Christ, who is the head of the body, the church.
Response: We thank you, O Lord

Leader: Lord, we thank you for preparing the churches to be partakers of the unity in Christ through the Holy Baptism and the sacrificial offering of Holy Qurbana.
Response: We thank you, O Lord

Leader: Lord, we thank you for pouring the charismatic vision through the diversity and differences of the church to serve God's Kingdom
Response: We thank you, O Lord

Leader: Lord, we thank you for preparing ecumenical gatherings and platforms on the national and regional levels in the church for evangelism and witnessing.
Response: We thank you, O Lord

Leader: Lord, we thank you for all Christian churches in India, especially for CSI, CNI and Mar Thoma churches and for their traditions, evangelical visions and mission initiatives.
Response: We thank you, O Lord

Leader: Lord, we thank you for the expression of church unity through the Communion of Churches in India, which bring more energy to the vision of the Kingdom of God and all the ecumenical activities.
Response: We thank you, O Lord

INTERCESSORY PRAYER

(Response: We beseech Thee O God)

1. O God, we remember the socio - political conditions of violence, injustice and corruption, especially for the areas where there are conflicts and for the interventions needed to solve these issues.
Response: We beseech Thee O God
2. O God, we pray for the war-torn nations and places of the world, and for people whose lives are hampered by famine, natural disasters and economic insecurity…
Response: We beseech Thee O God
3. O God, we pray for the landless people, the orphans, the debt ridden, the evicted, and the homeless due to confiscating.
Response: We beseech Thee O God
4. O God, we also remember the work of CCI, a joint initiative of CSI, CNI and Mar Thoma Churches. For all who give leadership, especially the Presiding Bishop The Most Rev. Dr. Theodosius Mar Thoma Metropolitan, CSI Moderator the Most Rev. Dr. Ruben Mark and CNI Moderator the Most Rev.Dr.Paritosh Canning, for the Executive Secretary, the Treasurer, the Committee Members and the Officers of the Member churches.
Response: We beseech Thee O God

PRAYER OF DEDICATION
O God of unity and reconciliation, perfect us in your unity as the one God in Trinity. We submit ourselves to your commands and holy will. Spread your thoughts and interests in us. Let us not be ruled by any will other than your will. We ask through Jesus Christ. Amen.